<u>പതിമൂന്നാം കേരള നിയമസഭ</u>

<u>നാലാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 366 06.03.2012 ൽ മറുപടിയ്ക്ക്</u>

<u>സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്നതിന് നടപടി</u>

| <u>ചോദ്യം</u> | | <u>മറുപടി</u> |
|---|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സൗജന്യ വൈദ്യുതി കണക്ഷൻ പരിമിതപ്പെടുത്തിക്കൊണ്ട് വൈദ്യുതി ബോർഡ് ഉത്തരവിറക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | വൈദ്യുതി ബോർഡ് സൗജന്യ വൈദ്യുതി കണക്ഷനുകൾ നിർത്തലാക്കിയിട്ടില്ല. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശ പ്രകാരം സൗജന്യ വൈദ്യുതി കണക്ഷൻ പദ്ധതികൾ ക്രമീകരിക്കുക മാത്രമാണ് ചെയ്തത്. |
| (ബി) നോർമൽ പ്രയോറിറ്റി പ്രകാരം സൗജന്യ കണക്ഷൻ ലഭിച്ചിരുന്നവർക്കും ഒ.റ്റി.പി. പ്രകാരം സൗജന്യ കണക്ഷൻ ലഭിച്ചിരുന്ന വികലാംഗർ, പട്ടികജാതി പട്ടികവർഗ്ഗക്കാർ തുടങ്ങിയവർക്കും ഇതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | കമ്മീഷൻ പുറപ്പെടുവിച്ച കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2005, നിലവിൽ വരുന്നതിനു മുൻപ് ബോർഡ്, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ, എസ്.സി./എസ്.ടി വിഭാഗത്തിൽപ്പെടുന്നവർ, വികലാംഗർ, ക്യാൻസർ രോഗികൾ തുടങ്ങിയവർക്ക് പ്രത്യേക മുൻഗണനയിൽ വൈദ്യുതി കണക്ഷനുകൾ നൽകിയിരുന്നു. |
| (സി) സമൂഹത്തിൽ അവശതയനുഭവിക്കുന്ന പ്രസ്തുത വിഭാഗക്കാർക്ക് തുടർന്നും സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ബോർഡ് 500 വാട്ട്സിന് താഴെ കണക്ടഡ് ലോഡുള്ള ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്കും 1000 വാട്ട്സിനു താഴെ കണക്ടഡ് ലോഡുള്ള എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്കും ഇപ്പോൾ സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകുന്നുണ്ട്. പട്ടണ പ്രദേശത്ത് ആർ.എ.പി.ഡി.ആർ.പി. പദ്ധതിയിലും ഗ്രാമപ്രദേശങ്ങളിൽ ആർ.ജി.ജി.വി.വൈ. പദ്ധതിയിലും വൈദ്യുതി കണക്ഷനുകൾ നൽകുന്നതിനുള്ള ലൈൻ നീട്ടൽ പ്രവർത്തികൾ |

(...............2)

ചെയ്യാൻ വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ട്. കൂടാതെ, എം.പി, എം.എൽ.എ ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ട്, പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നുള്ള ഫണ്ട് ഇവ ഉപയോഗിച്ചും സർവീസ് കണക്ഷൻ നൽകാൻ വേണ്ടി ലൈൻ നീട്ടൽ പ്രവർത്തികൾ ചെയ്യാൻ വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ട്. ആർ.ജി.ജി.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ ബി.പി.എൽ കുടുംബങ്ങൾക്കും കണക്റ്റഡ് ലോഡ് പരി-ധിയില്ലാതെ സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകുവാനുള്ള നിർദ്ദേശം ബോർഡ് നൽകിയിട്ടുണ്ട്.

കൂടാതെ, 1000 വാട്ട്സിനു താഴെ കണക്റ്റഡ് ലോഡുള്ള മറ്റ് പാവപ്പെട്ട അപേക്ഷകർക്ക് ലൈൻവലിക്കുന്നതിനുള്ള പ്രവൃത്തികളും വികലാംഗർ, ക്യാൻസർ രോഗികൾ തുടങ്ങിയവർക്ക് സൗജന്യമായി വൈദ്യുത കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തികളും ഒരു പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് ബോർഡ് തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതി റെഗുലേറ്ററി കമ്മീഷന്റെ അംഗീ-കാരത്തിന് ഉടനെതന്നെ സമർ-പ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ